8.4

TM242602L

Reg. No :...............................

Name :.................................

**MASTER'S DEGREE (C.S.S) EXAMINATION, MARCH 2024**

**2023 ADMISSIONS REGULAR**

**SEMESTER II - CORE COURSE MALAYALAM**

**MA2C06M - Adhunika Malayala Kavitha-Onnam Ghattam**

**Time : 3 Hours** **Maximum Weight : 30**

## Part A

**I. Answer any Eight questions. Each question carries 1 weight** **(8x1=8)**

1. മുക്തകങ്ങൾ എന്നാൽ എന്ത്? ഉദാഹരണസഹിതം വ്യക്തമാക്കുക.
2. "അഹോ മഹാപാപമുരത്തുപോയി ഞാൻ
   മഹാജനം മാപ്പു തരട്ടെ തൽക്ഷണം" - ഇതിൽ തെളിയുന്ന സാമൂഹികവിമർശനമെന്ത് ?
3. മലയാളകവിതയുടെ വളർച്ചയിൽ പ്രാസവാദം വഹിച്ച പങ്കെന്ത്?
4. കഴിഞ്ഞു, കമ്രദ്യുതി പൂണ്ട ജന്മ-
   പ്രഭാതമെൻ കണ്ണിലിരുണ്ടു കെട്ടു' - കവിയുടെ ഈ വിലാപത്തിനു കാരണമെന്ത്?
5. 'ദേഹം നിജമല്ല ദേഹിയൊരുവനീ
   ദേഹത്തിലുണ്ടറിഞ്ഞീടു പാമ്പേ' - ഈ വരികളിൽ തെളിയുന്ന ആദ്ധ്യാത്മികതത്ത്വമെന്ത്?
6. 'ഭദ്രം തേ, പിടിച്ചെന്നെ കരേറ്റി നിൻ
   സൗശീല്യം' - വക്താവാര് ? വിവക്ഷയെന്ത്?
7. 'പോയ മഞ്ഞുകാലത്തിലിന്നു മിക്കതും മുൾക്കാ-
   ടായ ദാമ്പത്യത്തിൻ പനിനീർ പൂന്തോട്ടത്തിൽ' - ദാമ്പത്യജീവിതത്തിൻറെ ഓർമ്മകൾ
   കവി അയവിറക്കുന്നതെങ്ങനെ?
8. സാഗരത്തെ ഭുജംഗമായി കല്പിച്ചിരിക്കുന്നതിൻറെ ഔചിത്യഭംഗി കണ്ടെത്തുക.
9. വേദവതിയുടെ ശാപം കാവ്യഗതിയെ സ്വാധീനിക്കുന്നതെങ്ങനെ?
10. 'വിണ്ണിലിരുന്നു കരഞ്ഞാനീശ്വരൻ ഇന്നും നരനൊരു തിര്യക്കോ?'- സന്ദർഭം കുറിച്ച്
    ആശയം വിശദമാക്കുക.

## Part B

**II. Answer any Six questions. Each question carries 2 weight** **(6x2=12)**

11. മാപ്പിളപ്പാട്ട് സാഹിത്യത്തിൽ പുലിക്കോട്ടിൽ ഹൈദറുടെ സ്ഥാനം വിലയിരുത്തുക.
12. പച്ചമലയാള പ്രസ്ഥാനത്തിലെ പ്രഥമകൃതി എന്ന നിലയിൽ 'നല്ല ഭാഷ'യുടെ
    സവിശേഷതകൾ വിലയിരുത്തുക.
13. സഹോദരൻ അയ്യപ്പൻ വിഭാവനം ചെയ്ത ധർമ്മസങ്കല്പം വിശദമാക്കുക.
14. വിലാപകാവ്യം എന്ന നിലയിൽ 'കണ്ണുനീർത്തുള്ളി'യെ വിശകലനം ചെയ്യുക.
15. "പ്രിയ രാഘവ! വന്ദനം ഭവാ-
    നുയരുന്നൂ ഭുജശാഖ വിട്ടു ഞാൻ
    ഭയമറ്റു പറന്നു പോയിടാം
    സ്വയമിദ്യോവിലൊരാശ്രയം വിനാ" - സന്ദർഭവും ആശയവും വിശദീകരിക്കുക.
16. ജ്വലിക്കുന്ന ഭാരതീയസ്ത്രീത്വങ്ങളെ പാർവ്വതി , ദേവകി എന്നിവരിലൂടെ
    ആവിഷ്കരിക്കുന്നതെങ്ങനെ?
17. 'എത്ര നിർവ്വികാരമിപ്പുതുതാം തലമുറ '_ ഈ പ്രസ്താവനയിലെ സാമൂഹികവിമർശനമെന്ത്?
18. 'മനുഷ്യനു നരകം നേരും ദുർലക്ഷണമേ, ചിരി നിർത്തൂ' - സന്ദർഭവും ആശയവും
    വ്യക്തമാക്കുക.

## Part C

ST. TERESA'S COLLEGE LIBRARY ERNAKULAM

**iii. Answer any Two questions. Each question carries 5 weight** **(2x5=10)**

19. വൈയക്തികാനുഭവങ്ങളുടെ ആവിഷ്കാരമാണ് വിലാപകാവ്യങ്ങളുടെ ജീവൻ എന്ന അഭിപ്രായം 'കണ്ണുനീർത്തുള്ളി'യെ ആധാരമാക്കി ചർച്ചചെയ്യുക.
20. മലയാള കാവ്യസംസ്കാര ചരിത്രത്തിൽ പുതുയുഗ സ്രഷ്ടാക്കളാണ് മഹാകവിത്രയം - വിമർശനദൃഷ്ട്യാ പരിശോധിക്കുക.
21. മനുഷ്യൻറെ ഹിംസവാസനയും ജീവിതസമസ്യകളും ചേർന്ന് ധർമ്മസങ്കടത്തിലാക്കുന്ന പരശുരാമൻറെ മാനസികഭാവങ്ങളെ ഒപ്പിയെടുക്കാൻ കഴിഞ്ഞ കഥാകാവ്യമാണ് 'മഴുവിൻറെ കഥ' - വിലയിരുത്തുക.
22. നവകാല്പനികതയും റിയലിസവും ആവിഷ്കരിക്കുന്നതിൽ അക്കിത്തം, എൻ.വി. കൃഷ്ണവാര്യർ, ജി.കുമാരപിള്ള എന്നിവർ വഹിച്ച പങ്ക് വിശകലനം ചെയ്യുക.

LIBRARY